## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1350 — 03.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോയുടെ വിറ്റുവരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2010-11 ൽ സപ്ലൈകോയുടെ വിറ്റുവരവ്, ലാഭം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) 2010-11 ൽ സപ്ലൈകോയുടെ<br>വിറ്റുവരവ് - 2,228 കോടി രൂപ<br>ലാഭം - 62.80 ലക്ഷം രൂപ. |
| (ബി) 2013-14, 2014-15 എന്നീ വർഷങ്ങളിലെ വിറ്റുവരവും ലാഭനഷ്ടവും എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ബി) 2013-2014 ൽ<br>വിറ്റുവരവ് - 3,535 കോടി രൂപ<br>നഷ്ടം - 89.11 കോടി രൂപ<br><br>2014-2015 ൽ (താത്കാലികം)<br>വിറ്റുവരവ് - 4,069 കോടി രൂപ<br>നഷ്ടം - 98.34 കോടി രൂപ<br><br>സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി,വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 06.07.2012 ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. ഇപ്രകാരം ജനങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾ വർദ്ധിച്ച വിലയ്ക്ക് വാങ്ങി കുറഞ്ഞ നിരക്കിൽ വില്പന നടത്തുന്നത് സപ്ലൈകോയ്ക്കുണ്ടാകുന്ന നഷ്ടം കൂടുന്നതിന് കാരണമാകുന്നു. |

സെക്ഷൻ ഓഫീസർ